**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2554** **02-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കായി സൈബർ ബോധവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ജി എസ് ജയലാൽ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതും ഓൺലൈൻ വിദ്യാഭ്യാസത്തിനായുള്ള ഇന്റർനെറ്റ് ഉപയോഗം വർധിച്ചുവരുന്നതും കണക്കിലെടുത്ത് കൗമാരപ്രായത്തിലുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക സൈബർ ബോധവൽക്കരണ പരിപാടി നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. ഇന്റർനെറ്റ് ഫലപ്രദമായി ഉപയോഗിക്കുന്നത് സംബന്ധിച്ച ബോധവൽക്കരണത്തിന് അനുയോജ്യമായ പാഠഭാഗങ്ങൾ സ്കൂൾ പാഠപുസ്തകത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി സ്കൂൾതലത്തിൽ 'ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ സൈബർ സെക്യൂരിറ്റി ഒരു വിഭാഗമായി ഉൾപ്പെടുത്തി പരിശീലനവും നൽകുന്നുണ്ട്. കൂടാതെ മീഡിയാ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി വാർത്തകളിലെ സത്യാവസ്ഥയും വ്യാജ വാർത്തകളും സംബന്ധിച്ച് 'സത്യമേവജയതേ' എന്ന പേരിൽ പി.ആർ.ഡി തയ്യാറാക്കിയ പ്രത്യേക പരിപാടി കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. വ്യാജവാർത്ത, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ ആധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടിയും സജ്ജമാക്കുന്നുണ്ട്. |
| (ബി) | കൗമാരപ്രായക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേക ബോധവൽക്കരണ പരിപാടി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ; | (ബി) | കൗമാരക്കാരായ വിദ്യാർത്ഥികൾ ഓൺലൈൻ ഗെയിമുകളിൽ അടിമപ്പെടുന്നതും സൈബർ ചതിക്കുഴികളിൽ വീഴുന്നതും തടയാൻ പൊതുവിദ്യാഭ്യാസ വകുപ്പ്, കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസലിഗ് സെല്ലിന്റെ നേതൃത്വത്തിൽ ആദ്യഘട്ടത്തിൽ ഒരു മാസത്തിലേറെ നീണ്ടുനിൽക്കുന്ന "സജ്ജം" എന്ന പ്രോഗ്രാം ZOOM വെർച്ചൽ പ്ലാറ്റ്ഫോം വഴി സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി 26/07/2021 മുതൽ തുടക്കം കുറിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കായി, പ്രത്യേകിച്ച് സെക്കന്ററി-ഹയർ സെക്കന്ററി |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലെ കുട്ടികൾക്കായി നിലവിൽ ഐ.ടി-ഐ.സി.ടി. പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയും ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. |
| (സി) | സൈബർ ലോകത്തെ ചതിക്കുഴികളെപ്പറ്റിയും സൈബർ കാലത്തെ പാരന്റിംഗിനെപ്പറ്റിയും മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നിലവിൽ കൈറ്റ് വിക്ടേഴ്സിലൂടെ ഇതുമായി ബന്ധപ്പെട്ട പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്തുവരുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിലെ മറ്റ് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും ഐ.ടി, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനവും ക്രമീകരിക്കുന്നുണ്ട്. കൂടാതെ കൗമാര വിദ്യാഭ്യാസം സ്കൂളുകളിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ മാർഗ്ഗരേഖയിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അധ്യാപകർക്കും ഇതു സംബന്ധിച്ച ബോധവൽക്കരണം നൽകുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ